# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1549 13.07.2011-ൽ മറുപടിയ്ക്ക്

ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും

വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാരങ്ങൾ വർദ്ധിപ്പിയ്ക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിൽ ഇല്ല. എന്നാൽ ബ്ലോക്കു പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ നിലയിലുള്ള അധികാരങ്ങളും ഉത്തരവാദിത്വങ്ങളുമാണ് വർദ്ധിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം , ഭൗതിക ലക്ഷ്യം കൈവരിക്കൽ, പദ്ധതി നടത്തിപ്പിന്റെ ഗുണനിലവാരം വർദ്ധിപ്പിയ്ക്കൽ എന്നീ കാര്യങ്ങളിലാണ് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകുന്നതിന് ഉദ്ദേശിയ്ക്കുന്നത്. |
| (സി) | പ്രസ്തുത വർദ്ധനവ് എന്ന് നടപ്പിൽ വരുത്തുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | (സി) | നടപ്പ് സാമ്പത്തിക വർഷം തന്നെ ഇത് നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ